

# ഗവൺമെന്റ് മോഡൽ എച്ച് എസ് എസ് പുന്നമൂട്,

കല്ലിയൂർ
പള്ളിച്ചൽ പി ഒ
തിരുവനന്തപുരം
695020

## ACADEMIC MASTER PLAN

സമഗ്രഗുണമേന്മ വിദ്യാഭ്യാസം

മികവിന്റെ പടവുകളിലേക്ക്

# സമഗ്രഗുണമേന്മ വിദ്യാലയ വികസന രേഖ
# 2025–26

# ഗവൺമെന്റ് മോഡൽഹയർ സെക്കന്ററി സ്കൂൾ പുന്നമൂട്

അനന്തപുരിയിൽ കല്ലിയൂർ ഗ്രാമത്തിൽ ഗ്രാമീണവിശുദ്ധി കാത്തുസൂക്ഷിച്ച കൊണ്ട് പ്രൗഢോജ്ജ്വലമായി നിലകൊള്ളുന്ന വിദ്യാലയം...

അറിവിന്റെ ആദ്യാക്ഷരം മുതൽ ഒരുമയുടെ സ്നേഹാക്ഷരം വരെ പകർന്നു നൽകുന്ന വിദ്യാലയം...

വെള്ളായണികായൽ തീരത്തുനിന്ന് അധികദൂരത്തിലല്ലാതെ,
ചരിത്രമുറങ്ങുന്ന വിഴിഞ്ഞത്തിലേക്കുള്ള വഴിത്താരയിൽ പരിലസിക്കുന്ന
അക്ഷരക്ഷേത്രം...

സ്നേഹത്തിന്റെ, നന്മയുടെ, വിജ്ഞാനത്തിന്റെ എണ്ണമറ്റ തിരി തെളിയിച്ച നൂറ്റാണ്ടിന്റെ പാരമ്പര്യം...

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ
സംരക്ഷണയജ്ഞത്തിന്റെ ചുവടുപിടിച്ച് ഈ മാതൃകാവിദ്യാലയവും ദീർഘകാല
കാഴ്ചപ്പാടോട്ടു കൂടിയ സമഗ്രഗുണമേന്മാ വിദ്യാലയ വികസനപദ്ധതിയിലൂടെ മികവിന്റെ
പടവുകളിലേക്ക്
യാത്ര തുടരുന്നു...

# Govt Model Higher Secondary School, Punnamoodu
# Pallichal.P.O, Thiruvananthapuram – 695020
# Phone (0471) 2400486 (HS) ; (0471) 2406900 (HSS)
# Email: ghsspunnamoodu@yahoo.com (HS) ghss1038@gmail.com (HSS)


| | |
|---|---|
| School Code | : 43078 (HS); 1038 (HSS) |
| Educational Sub District | : Thiruvananthapuram South |
| Educational District | : Thiruyananthapuram |
| Revenue District | : Thiruvananthapuram |
| Block Resource Centre | : Thiruvananthapuram South |

| | |
|---|---|
| Grama Panchayath | : Kalliyoor |
| Block Panchayath | : Nemom |
| District Panchayath | : Thiruvananthapuram |
| Village | : Thiruvananthapuram |
| Thaluk | : Thiruvananthapuram |
| LA Constituency | : Kovalam |
| Parliament Constituency | : Thiruvananthapuram |

| | |
|---|---|
| Principal | : Rani K R |
| Headmistress | : Sindhu S S |
| PTA President | : Shiji R |
| Staff Secretary | : Jose V |

# ആമുഖം

മാറിയ കാലത്തിന്റെ വിദ്യാലയ ആവശ്യങ്ങളെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ടുകൊണ്ട് സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി അക്കാദമിക മാസ്റ്റർ പ്ലാൻ പരിഷ്കാരങ്ങൾ വരുത്തി മികവുറ്റതാക്കി.വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും വിദ്യാർത്ഥികൾക്ക് മികച്ച നിലവാരം പുലർത്തുന്നതിനും ആവശ്യമായ പഠനബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട് സ്കൂളുകളിൽ എത്തുന്ന എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട് ദേശീയതലത്തിൽ നടക്കുന്ന പരീക്ഷകളിൽ നമ്മുടെ കുട്ടികൾക്ക് മികച്ച നിലവാരം പുലർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് ആവശ്യമായ പഠന പിന്തുണ പ്രവർത്തനങ്ങളും നൽകുന്നു . മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസമെന്ന പറഞ്ഞത് സ്വാമി വിവേകാനന്ദനാണ്. സ്വാമി വിവേകാനന്ദന്റെ വാക്കുകൾക്ക് ആധുനിക വിദ്യാഭ്യാസ ചിന്താപരിസരത്തെ പ്രസക്തി വളരെ വലുതാണ്. ഒരോ വിദ്യാർത്ഥിക്കും അപൂർവ്വവും അന്യാദൃശവുമായ കഴിവും സിദ്ധിയുമാണുള്ളതെന്നും ആ കഴിവുകൾ എന്താണെന്ന് കണ്ടെത്തുകയും അത് തന്റെയും തന്റെ സമൂഹത്തിന്റെയും വളർച്ചയ്ക്ക് അനുഗുണമായ രീതിയിൽ കാലോചിതമായി പരിവർത്തിപ്പിക്കുകയും ചെയ്യുകയാണ് ഏത് വിദ്യാഭ്യാസ പദ്ധതിയുടെയും അടിസ്ഥാന ലക്ഷ്യം. കാലോചിതം എന്ന വാക്ക് സവിശേഷമായ ഒരു അർത്ഥസൂചനയാണ് നൽകുന്നത്. അനുദിനം വികസ്വരമാകുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ആ ലോകത്തിന്റെ അറിവിലും സാങ്കേതിക വിദ്യയിലും വിദ്യാർത്ഥിക്ക് പരിചയവും പരിശീലനവും നല്കുന്ന വിധത്തിൽ വിദ്യാലയത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ നവീകരിക്കണം. ഈ പുതിയ സൗകര്യങ്ങളും സങ്കേതങ്ങളും ഉപയോഗപ്പെടുത്തി വിദ്യാർത്ഥിയുടെ കായികവും മാനസികവും ബുദ്ധിപരവും സാമൂഹികവും സർഗ്ഗാത്മകവുമായ സമഗ്രവികസനത്തെ സാധ്യമാക്കാൻ വിദ്യാലയങ്ങൾക്ക് കഴിയണം. എങ്കിൽ മാത്രമേ സമ്പൂർണ്ണതയുട്ടെ ആവിഷ്കാരവേദികളായി നമ്മുടെ വിദ്യാലയങ്ങൾ മാറുകയുള്ളൂ.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും വിദ്യാർത്ഥികൾക്ക് മികച്ച നിലവാരം പുലർത്തുന്നതിനും ആവശ്യമായ പഠനബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട് സ്കൂളുകളിൽ എത്തുന്ന എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട് ദേശീയതലത്തിൽ നടക്കുന്ന പരീക്ഷകളിൽ നമ്മുടെ കുട്ടികൾക്ക് മികച്ച നിലവാരം പുലർത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് ആവശ്യമായ പഠന പിന്തുണ പ്രവർത്തനങ്ങളും നൽകുന്നു .

സമഗ്ര ഗുണമേന്മ വർഷമായി പ്രഖ്യാപിച്ച 2025 –26 അധ്യായനവർഷം പാഠ്യ പദ്ധതികളിലും മൂല്യനിർണയ രീതികളിലും വരുത്തിയ മാറ്റങ്ങൾക്ക് അനുസൃതമായി വിദ്യാഭ്യാസ രംഗത്തെ ഗുണപരമായ മാറ്റങ്ങൾക്കും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായ പ്രവർത്തന പദ്ധതികൾക്ക് 22 .3. 25 നമ്പർ 82 / 2025 വിദ്യാഭ്യാസ വകുപ്പ് പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് ഇതിന്റെ

അടിസ്ഥാനത്തിൽ 30 .6 .25 നകം 25–26 വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ ലക്ഷ്യത്തിൽ പ്രസ്തുത നിർദ്ദേശങ്ങൾക്കനുസരിച്ച് അക്കാദമിക മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിലവിലെ സ്കൂൾ അക്കാദമിക് മാസ്റ്റർപ്ലാനിൽ കാതലായ മാറ്റങ്ങൾ വരുത്തി പരിഷ്കരിച്ച് മികവുറ്റതാക്കി .

# ലക്ഷ്യങ്ങൾ

വിദ്യാർഥികളുടെ അക്കാദമിക നിലവാരവും ആശയവിനിമയശേഷിയും മികവുറ്റതാക്കുക

പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർത്ഥികളുടെ അക്കാദമിക മികവിനോടൊപ്പം സമ്പൂർണ്ണ വ്യക്തിത്വവികാസവും സാധ്യമാക്കുക

SSLC 100% വിജയം നിലനിർത്തുക.SSLC
പരീക്ഷയെഴുതുന്ന എല്ലാ കുട്ടികളെയും ഉന്നത പഠനത്തിന് അർഹത ലഭിക്കുന്ന വിധത്തിൽ മികച്ച ഗ്രേഡ് നേടുവാൻ പ്രാപ്തരാക്കുക.
NO D+
ONLY C+
AND HIGH A പ്ലസ്സുകൾ
എന്ന എസ്എസ്എൽസി വിജയലക്ഷ്യം പൂർത്തിയാക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക

ലഹരി വിരുദ്ധ മനോഭാവം, കൃഷിയോടുള്ള താല്പര്യം, ഉത്തരവാദിത്വത്തോടെയുള്ള മാലിന്യ സംസ്കരണം, പ്രകൃതി സംരക്ഷണം തുടങ്ങിയ വളർത്തിയെടുക്കുന്നതിന് ആവശ്യമായ പഠനാനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

Menter teacher care സംവിധാനത്തിലൂടെ വിദ്യാലയം സ്വന്തം വീടാണെന്നുള്ള ധാരണ കുട്ടികളിൽ ഉണ്ടാക്കുക.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്കായി ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക

## വിദ്യാലയ ചരിത്രം

AD1900 ബ്രിട്ടീഷ് ഭരണം ഭാരതത്തിൽ കൊടികുത്തി വാഴുന്ന കാലം അക്ഷരാഭ്യാസത്തിന്റെ മഹത്വം വലിയ തോതിൽ അറിഞ്ഞ ചെറിയ ഗ്രാമങ്ങൾ ജാതിമത സ്ത്രീ പുരുഷ ഭേദമന്യേ സകലർക്കും വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്ന് ജനങ്ങൾ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു.

തിരുവിതാംകൂറിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വർധിപ്പിക്കാൻ സർക്കാർ ഉത്തരവിട്ടു. ആ സമയത്ത് കുടുംബാന്നൂർ LMLPS ലെ അധ്യാപകനായിരുന്ന എലീശ വാധ്യാർ തന്റെ 20 സെന്റ് സ്ഥലം സ്കൂൾ നിർമിക്കൻ വിട്ടുകൊടുത്തു. അങ്ങനെ 1915 ഭാഷാ പ്രൈമറി സ്കൂൾ പുന്നമൂട് സ്ഥാപിതമായി.

സ്കൂളിന്റെ പ്രഥമ അധ്യാപകൻ പൊറ്റവിള കേശവ പിള്ളയായിരുന്നു. മൂന്നാം ക്ലാസിൽ അഡ്മിഷൻ നേടിയ പകലൂർ തുണ്ടർവിളാ കത്ത് വീട്ടിൽ ഉലകൻ കൃഷ്ണന്റെ അനന്തരവൻ കെ രാഘവൻ എന്ന ഒമ്പത് വയസ്സുകാരൻ ആയിരുന്നു ആദ്യവിദ്യാർത്ഥി .
ഒന്നാം ക്ലാസ്സിൽ ആദ്യം ചേർന്ന വിദ്യാർത്ഥിനി ഭാസ്കരം കുടുംബത്തിൽ എസ്തർ ഭാസ്കരം ആയിരുന്നു. ആകെ നാല് ക്ലാസുകൾ ഓരോ ഡിവിഷൻ മാത്രം.

നാലാം ക്ലാസ് പൂർത്തിയാക്കുമ്പോൾ കുട്ടികളും രക്ഷിതാക്കളും ഒരുപോലെ പകച്ചുനിന്നും ഇനിയങ്ങോട്ട് പലരുടെയും വിദ്യാഭ്യാസം അവിടെ കൊണ്ട് അവസാനിച്ചു എന്ന് തോന്നി. എന്നാൽ സുമനസ്സുകളായ നാട്ടുകാരുടെയും അധ്യാപകരുടെ ശ്രമഫലമായി 1961 ൽ ഇത് ഒരു അപ്പർ പ്രൈമറി സ്കൂൾ ആയി ഉയരുകയും സ്കൂളിന്റെ പേര് ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ പുന്നമൂട് എന്നായി മാറുകയും ചെയ്തു.

യുപി സ്കൂളിലെ ആദ്യപ്ര പ്രഥമ അധ്യാപകൻ നാഗമുത്ത് നാടാരായിരുന്നു. അന്ന് സ്കൂളിന്റെ വികസനത്തിന് വേണ്ടി

പ്രവർത്തിച്ചവരാണ് പരേതനായ ശ്രീ നീലാംബരൻ,
പിടിഎ പ്രസിഡണ്ട്
ശ്രീ കുട്ടൻപിള്ള, ശ്രീ.ചെല്ലപ്പൻ പിള്ള  തുടങ്ങിയവർ.1974 ൽ ഇതൊരു പൂർണ ഹൈസ്കൂൾ ആയി മാറുകയും പേര് ഗവൺമെന്റ് ഹൈസ്കൂൾ പുന്നമൂട് എന്നായി മാറുകയും ചെയ്തു. ഹൈസ്കൂളിന്റെ പ്രഥമ അധ്യാപകൻ ശ്രീ എം  രവീന്ദ്രനായിരുന്നു. 1999 – ഇതൊരു ഹയർ സെക്കൻഡറി സ്കൂൾ ആയി മാറി അപ്പോഴത്തെ പ്രധാന അധ്യാപകൻ ശ്രീ. സുരേന്ദ്രൻ ആയിരുന്നു. 2014 –15 വർഷം സ്കൂൾ ശതാബ്ദി ആഘോഷിച്ചു ഒരു വർഷം നീണ്ടുനിന്ന  ആഘോഷങ്ങളുടെ ഉദ്ഘാടനം 2014 നവംബർ 19  ന് കേരള ഗവർണർ ശ്രീ പി  സദാശിവം നിർവഹിച്ചു.

പ്രീ പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെ മികച്ച പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കാഴ്ചവച്ച്  വിദ്യാലയ മുത്തശ്ശി കല്ലിയൂർ  ഗ്രാമപഞ്ചായത്തിന്റെ തിലകക്കൊടിയായി നാടിന് അഭിമാനമായി പ്രശോഭിക്കുന്നു.

## അവസ്ഥാവിശകലനം

**ഭൗതികം**

ഒരു വിദ്യാലയത്തിന്റെ മികവിനെ നിർണയിക്കുന്നതിൽ അവിടത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും അതിന്റെ ആധുനികവൽക്കരണത്തിന് അതിപ്രധാനമായ സ്ഥാനമാണുള്ളത്.മികച്ച ഭൗതിക സാഹചര്യം ഒരുക്കുന്നതിൽ ബഹുദൂരം മുന്നോട്ട് പോകാൻ സ്കൂൾ അധികൃതരുടെയും അധ്യാപക രക്ഷകർത്താസമിതിയുടെയും ജില്ലാപഞ്ചായത്തിന്റെയും ദീർഘവീക്ഷണ ത്തോടെയുള്ള പ്രവർത്തനം സഹായകരം ആയിട്ടുണ്ട്. പ്രീപ്രൈമറി പ്രൈമറി ഹൈസ്കൂൾ ഹയർ സെക്കൻഡറി ക്ലാസുകൾ പ്രത്യേകം ബ്ലോക്കുകൾ ആയി പ്രവർത്തിക്കുന്നു പരിമിതികൾ ഉണ്ടെങ്കിലും പ്രത്യേകം ലാബുകളും നിലവിലുണ്ട് . ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സ്കൂളിന് ശ്രീ ശശി തരൂർ എംപിയുടെ ആദ്യ വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങാനും ശ്രീമതി ജമീല പ്രകാശം എംഎൽഎയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ഓഡിറ്റോറിയം നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. സ്കൂളിന്റെ ആധുനികവൽക്കരണം സാധ്യമാക്കാൻ അടിസ്ഥാന സൗകര്യ വികസനത്തിൽ ഇനിയും ബഹുദൂരം മുന്നോട്ടുപോകാൻ ഉണ്ട്. ഹയർ സെക്കൻഡറി ൽ ആവശ്യമായ ലാബുകൾ അനുബന്ധ സ്റ്റോറൂമുകളുടെ നിർമ്മാണം KIIFB Fund ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ബഹുനില മന്ദിരത്തിന്റെ നിർമ്മാണം പൂർ ത്തിയാകുന്നതോടുകൂടി അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. എങ്കിലും ഉച്ചഭക്ഷണം വിതരണത്തിനായുള്ള ഊട്ടുപുരയുടെ നിർമ്മാണം സ്റ്റേഡിയത്തിന്റെ നിർമാണം ക്ലിനിക്കൽ ഫസ്റ്റ് എയിഡ് റൂമിന്റെ നിർമ്മാണം ലാംഗ്വേജ് ലാബ് കാന്റീൻ മന്ദിരം നിർമ്മാണം ബസ് ഷെൽട്ടർ നിർമ്മാണം തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. കൂട്ടായ പരിശ്രമത്തിലൂടെ മുൻഗണന നിശ്ചയിച്ചു നടപ്പാക്കേണ്ടതുണ്ട്.

**മികവുകൾ**

2012 മാതൃകാ വിദ്യാലയ പദവി നേടിയ ഈ വിദ്യാലയം അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഒരുകൂട്ടം അധ്യാപകരുടെയും നാട്ടുകാരുടെയും രക്ഷകർത്തപ്രതിനിധികളുടെയും പരിശ്രമഫലമായി ഇതിനകം തന്നെ ശ്രദ്ധേയമായ അക്കാദമി മികവുകൾ നേടി എടുത്തിട്ടുണ്ട്. 2025 പരീക്ഷയിൽ 129 വിദ്യാർഥികളെ പരീക്ഷയിലിരുത്തി 100% വിജയം കൈവരിച്ചു. 13 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടാനായി എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന ക്ലാസുകളിലെ കുട്ടികൾക്കായി മലയാളത്തിളക്കം ഹൈസ്കൂൾ ക്ലാസിലെ കുട്ടികൾക്ക് ശ്രദ്ധ, ഹെൽപ്പിംങ് ഹാൻഡ്, പഠനപിന്തുണ ക്ലാസ്സുകൾ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നിശ്ചിത ശേഷികൾ കൈവരിക്കാൻ bridge class കൾ ഭംഗിയായി നടക്കുന്നു . LP UP വിഭാഗങ്ങളിൽ ഉച്ചയ്ക്കുള്ള ഇടവേളകൾ വിജ്ഞാനപ്രദവും രസകരവും ആക്കുന്നത് "മഴവിൽ കൂടാരം" മികവോടെ പ്രവർത്തിക്കുന്നു. എല്ലാ ദിവസവും ഉച്ചയ്ക്ക് 1 15 മുതൽ 1 45 വരെ ഹൗസ് അടിസ്ഥാനത്തിലാണ് അധ്യാപകർ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്.

മെന്റർ ടീച്ചർ കെയർ സംവിധാനത്തിലൂടെ ഓരോ പഠിതാവിനും വ്യക്തിഗത ശ്രദ്ധ കൊടുക്കുന്നു. ക്ലബ് പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് അധിക പഠനപിന്തുണ നൽകുന്നു

**പഠനോത്സവം**

വിദ്യാലയമികവുകൾ രക്ഷിതാക്കളെയും പൊതുസമൂഹത്തെയും അറിയിക്കുന്നതിനായി സ്കൂൾതല പഠനോത്സവവും പൊതുഇടപഠനോത്സവും വിവിധ പരിപാടികളോടെ നടത്തി. പഠനോത്സവബ്രോഷറിന്റെ പ്രകാശനകർമ്മം ജില്ലാമെമ്പർ ശ്രീ ഭഗത്റൂഫസ്, പഞ്ചായത്ത് പ്രസിഡൻറ് ശ്രീ സോമശേഖരൻ നായർ പ്രകാശനം ചെയ്തു.

NMMS , LSS ,USS, INSPIRE AWARD തുടങ്ങിയ മൽസരപരീക്ഷകളിൽ നമ്മുടെ കുട്ടികൾ മികച്ച വിജയം നേടുകയുണ്ടായി. വിദ്യാലയമികവിനായി കുട്ടികളെ ഉന്നമനത്തിനുമായി ഒരുമിച്ച് നിൽക്കുന്ന ഒരു കൂട്ടം അധ്യപകർ സ്കൂളിന്റെ സമ്പത്താണ്. മികവുകളുടെ പടവുകളിലേക്ക് ഇനിയും ഏറെദൂരം സഞ്ചരിക്കാൻ ഉണ്ട് ഈ മാതൃകാവിദ്യാലയത്തിന്, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ ഇതിലേക്കുള്ള വാതായനങ്ങൾ ആണ്.

## GOTEC

English communication skill വർധിപ്പിക്കുന്നതിനായി GOTEC പദ്ധതി സ്കൂളിൽ നടന്നുവരുന്നു. THE HINDU SCHOOL EDITION കുട്ടികൾക്ക് നൽകുന്നുണ്ട്.

**സ്കൂൾ ലൈബ്രറി**

ഭാഷാനൈപുണി വികസനത്തിനായും വായാനയിൽ താൽപര്യം ജനിപ്പിക്കുന്നതിനായി സുസജ്ജമായ ലൈബ്രറി നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്നു. എല്ലാ ക്ലാസ്സ് മുറികളിലും ക്ലാസ്സ് ലൈബ്രറി ഉണ്ട്. പത്രവായന പ്രത്സാഹിപ്പിക്കുന്നതിനായി സുമനസ്സുകളും വിവിധ ഏജൻസികളും നൽകുന്ന പത്രങ്ങൾ സ്കൂളിൽ ലഭ്യമാണ്.

**ഹൈടെക്ക് ക്ലാസ് മുറികൾ**

പൂർവ്വ വിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ സ്കൂളിൽ ഹൈടെക് ആക്കുവാൻ ബാക്കിയുള്ള ക്ലാസ് മുറികൾ ആക്കുന്ന പ്രവർത്തനം

വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് ആത്മവിശ്വാസം ധൈര്യം ഇവ വർദ്ധിപ്പിച്ച് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുന്നതിനായി പ്രവർത്തിക്കുന്ന കൗൺസിലർ കൗൺസിലിംഗ് സംവിധാനം സ്കൂളിൽ ഉണ്ട്. പ്രശ്ന പരിഹാരം സാധ്യമാക്കി കുട്ടികളെ നല്ല വ്യക്തിത്വമുള്ളവരായി മാറ്റുന്നതിന് കൗൺസിലിംഗ് ഫലപ്രദമാണ് .

## സ്വയം പ്രതിരോധശേഷി വികസനം

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി കരാട്ടെ പരിശീലനം നൽകുന്നു .

## പ്രവർത്തി പരിചയം കലാപരിപോഷണം

കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിച്ച് അവരുടെ വ്യത്യസ്തങ്ങളായ കഴിവുകളെ  മുന്നോട്ടുകൊണ്ടുവന്ന് പ്രത്യേകം പരിശീലനം നൽകുന്നു.അതിനായി ആ മേഖലയിലുള്ള അധ്യാപകർ സ്കൂളിൽ ഇല്ല എങ്കിലും നിലവിൽ സ്കൂളിലെ അധ്യാപകർ കുട്ടികളിലെ കഴിവുകൾ കണ്ടെത്തി വിവിധ മത്സരങ്ങൾക്ക് അവരെ സജ്ജരാക്കുന്നുണ്ട്. അതിനാവശ്യമായ പരിശീലനങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ നൽകുന്നു. പ്രവർത്തി പരിചയം, കലാ അധ്യാപകരുടെ അഭാവം സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് തിളക്കം കുറയ്ക്കുന്നുണ്ട്

## കായിക മികവ്

കായിക മികവ് വർധിപ്പിക്കാൻ സബ്ജില്ലാ ജില്ലാ സംസ്ഥാനമേളകളിൽ മികച്ച വിജയം നേടാൻ അർഹരായ കുട്ടികളെ കൊണ്ട് സമ്പന്നമാണ് നമ്മുടെ വിദ്യാലയം എന്നാൽ കായിക അധ്യാപകന്റെ അഭാവം നമ്മുടെ കുട്ടികളുടെ അവസരം നഷ്ടപ്പെടുത്തുമെന്ന് ആശങ്കയിലാണ് അധ്യാപകർ.

# അക്കാദമിക് മാസ്റ്റർ
## സ്റ്റാൻഡേർഡ്: 1

**ഭാഷ: മലയാളം**

ലക്ഷ്യം:- വ്യത്യസ്തമായ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കൽ.

**ജൂൺ**
മഴ ചിത്രം വരയ്ക്കൽ
മഴപ്പാട്ടുകൾ പാടാം
മഴയനുഭവങ്ങൾ പങ്കിടാം
തോണി നിർമ്മാണം.

**ജൂലൈ**
വീട്ടുകാരെ പരിചയപ്പെടാം
വിട്ടിലെ വിശേഷങ്ങൾ പങ്കുവയ്ക്കാം
വീട്ടിലെ അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള അഭിനയഗാനം. മുഖം മൂടികൾ വച്ച് അഭിനയം

**ആഗസ്റ്റ്**
പതാക നിർമ്മാണം
സ്വാതന്ത്ര്യ ദിന ക്വിസ്
പ്രച്ഛന്ന വേഷം

**സെപ്തംബർ**
ചിത്രവായന
ചിത്ര കാർഡുകൾ തയ്യാറാക്കുന്നു. (രക്ഷിതാക്കളുടെ സഹായം)
അക്ഷരപ്പാട്ടുകൾ പാടുന്നു
അക്ഷരപ്പാട്ടിൽ നിന്ന് അക്ഷരങ്ങൾ കണ്ടെത്തുന്നു
അക്ഷരങ്ങൾ ഉപയോഗിച്ച് ബാഡ്ജ് നിർമ്മാണം

**ഒക്ടോബർ**
അക്ഷരപ്പാട്ടിൽ നിന്ന് കണ്ടെത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചിത്രം വരയക്കുന്നു.
പുതിയ പദങ്ങൾ ഉണ്ടാക്കുന്നു.
വായനാക്കാർഡുകളുടെ സഹായത്താൽ വായിക്കുന്നു.
സ്വത്രന്ത്രമായി കഥ, കവിത, ആംഗ്യപ്പാട്ട് അവതരിപ്പിക്കുന്നു.

**നവംബർ**
അക്ഷരക്കാർഡുകളിൽ നിന്ന് പദ നിർമ്മാണം.
ചിത്രകാർഡുകളിൽ നിന്ന് പദ നിർമ്മാണം.

**ജനുവരി**
ലഘു വാക്യങ്ങൾ എഴുതിയ ചിത്രകാർഡുകൾ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുന്നു.
യോജിപ്പിക്കാം;
ചിത്രങ്ങളും അതിനനുയോജ്യമായ വാക്യങ്ങളും പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് വായിക്കാനുള്ള അവസരം നൽകുന്നു. ശേഷം കട്ട് ചെയ്ത (ടീച്ചർ) യോജിപ്പിക്കുവാൻ അവസരം നൽകുന്നു.

വായനാക്കാർഡുകൾ

**ഫെബ്രുവരി**
കുട്ടികൾക്ക് ഇഷ്ടമുള്ള വസ്തുക്കളെക്കുറിച്ച് പറയാൻ അവസരം നൽകുന്നു
ഏറ്റവും ഇഷടമുള്ള ഒരു വസ്തുവിനെക്കുറിച്ച് എഴുതുകയോ ചിത്രം വരയ്ക്കു
കയോ ചെയ്യാനുള്ള അവസരം നൽകുന്നു.
എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
കുട്ടികളിൽ നിന്നും കിട്ടിയ രചനകൾ ഉപയോഗിച്ച് മാഗസിൻ നിർമ്മിക്കുന്നു.
സി.പി.ടി.എ യിൽ മാഗസിൻ പ്രദർശനം നടത്തുന്നു.

## English Std: I

Aim:- To speak, read and Write English without any mistakes.
Time: June to March

**June**
Develop listening skills and reading skills first.
Listening skills
Games, Action Songs, Hello-Englidh activities, Conversations, Skit,
Stories (use ICT), Text book activities.

**July**
Speaking skills:-
Words making, word web picture reading, picture description.
Day celebration activities (speech...)

**August**
Reading skills:-
Find new words
|Sentence making
Rhyming words
Describing words
Text book activities
Library book (with pictures) reading.

**September to March**:-
Writing skills
Make word web
Picture description
Riddles, who am I ? .
Conversations
Add more lines
Develop stories
Picture reading and writing
Making Magazine

## Maths

ലക്ഷ്യം:– സംഖ്യകൾ എണ്ണിയെഴുതാനും വായിക്കാനും ഉള്ള ശേഷിയുണ്ടാക്കുക

**<u>ജൂൺ</u>**
എണ്ണാം എഴുതാം. (ഉല്ലാസ ഗണിതം)
വലുതേത്. ചെറുതേത്
മുകളിലേത്, താഴത്തേത്?
പൊക്കമുള്ളത്, പൊക്കമില്ലാത്തത്.
കൂടുതൽ ഏത്? കുറവ് ഏത്?
അകത്തേത്? പുറത്തേത്?
T.B പ്രവർത്തനങ്ങൾ

**<u>ജൂലൈ</u>**
ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും
ഗണിത കേളികൾ
കൂടുതൽ ആർക്ക്? എത്ര?
കുറവ് ആർക്ക്? എത്ര?

**<u>ആഗസ്റ്റ്</u>**
രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
ഒരക്ക സംഖ്യകളുടെ ആരോഹണ അവരോഹണ ക്രമത്തിലാക്കൽ
ഉല്ലാസഗണിതം കളികൾ
ഒറ്റ സംഖ്യ, ഇരട്ട സംഖ്യ

**<u>സെപ്തംബർ</u> & <u>ഒക്ടോബർ</u>**
രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം
ഗണിത കേളികൾ
ഉല്ലാസ ഗണിതം
കണ്ടെത്താം
T.B പ്രവർത്തനങ്ങൾ

**<u>നവംബർ</u> & <u>ഡിസംബർ</u>**
ഒരക്ക സംഖ്യാ വ്യാഖ്യാനം
സംഖ്യാ പാറ്റേൺ
വിവിധ ഗണിത കേളികൾ
20–നു താഴെയുള്ള സംഖ്യകൾ എഴുതുന്നു, വായിക്കുന്നു, വ്യാഖ്യാനിക്കുന്നു.

**<u>ജനുവരി</u> & <u>ഫെബ്രുവരി</u>**
ഒന്നു മുതൽ 50 വരെ എഴുതാനും വായിക്കുന്നതിനും സംഖ്യാ ചാർട്ടുകൾ.

**<u>മാർച്ച്</u>**
പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിന് (രൂപയും പൈസയും)
രൂപയും പൈസയും തിരിച്ചറിയുന്നു.
പൈസയും രൂപയും കളി നോട്ടിലൂടെ പരിചയപ്പെടുന്നു.

## പരിസരപഠനം

ലക്ഷ്യം :––

പരിസരവുമായി ഇടപഴകി നിരീക്ഷണത്തിലൂടെയും കണ്ടെത്തലുകളിലൂടെയും കുട്ടികളിൽ ശാസ്ത്രബോധം വളർത്തുകയും നിഗമനങ്ങളും പരിക്ഷണങ്ങളും നടത്തുന്നതിന് ഒന്നാം ക്ലാസുകാരനെ സജ്ജമാക്കുക.
കാലയളവ്:- June to March

**ജൂൺ**

പ്രകൃതി നടത്തം
പരിസ്ഥിതി ദിനാചരണ പ്രവർത്തനം (വീട്ടിൽ ഒരു വൃക്ഷത്തൈ നടാം)
അടുക്കളത്തോട്ടം നിർമ്മിക്കാം

**ജൂലൈ**

ചുറ്റുമുള്ള മരങ്ങൾ, ചെടികൾ തിരിച്ചറിയുന്നതിന് അവസരം നൽകുന്നു.
മരങ്ങളും ചെടികളും വ്യത്യാസം മനസ്സിലാക്കുന്നു.
പേരുകൾ ലിസ്റ്റ് ചെയ്യുന്നു.
സ്കൂൾ പൂന്തോട്ട നവീകരണം
ചെടികൾ, പൂക്കൾ, ചിത്രങ്ങൾ ശേഖരണ ബുക്കിലേക്ക്
TB പ്രവർത്തനങ്ങൾ

**ആഗസ്റ്റ്**

ചെടികളിലെ ഇല, പൂവ്, കായ് വ്യത്യാസം കണ്ടെത്തുക
ഒരു ചെടി പലതരത്തിലുള്ള (പൂക്കൾ) നിറത്തിൽ കാണുന്നവ

**സെപ്റ്റംബർ**

ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച്; അലങ്കാരത്തിന് ഉപയോഗിക്കുന്നതും, ആഹാരത്തിന് ഉപയോഗിക്കുന്നതും പട്ടികപ്പെടുത്തുക.
പൂക്കൾ നിരീക്ഷണം. മണമുള്ളവ മണമില്ലാത്തവ.

**ഒകടോബർ**

ചെടിയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. ചിത്രത്തിൽ രേഖപെടുത്തുന്നു.
ഓരോ ഭാഗത്തിന്റെയും ധർമ്മങ്ങൾ മനസ്സിലാക്കുന്നു.

**നവംബർ**

വേരുകൾ ജലം വലിച്ചെടുക്കുന്നു. തെളിയിക്കുന്ന പരിക്ഷണം.
പൂക്കളുടെ നിറം, വലുപ്പം, മണം എന്നിവയിലുള്ള വ്യത്യാസം കണ്ടെത്തുന്നു.
പുതിയ ചെടികൾ ഉണ്ടാകുന്നത് ഏതെല്ലാം തരത്തിലാണ്? അവ കണ്ടെത്തി ലിസ്റ്റു ചെയ്യുന്നു.

**ഡിസംബർ, ജനുവരി & ഫെബ്രുവരി**

ഓഷധത്തിനുപയോഗിക്കുന്ന ചെടികൾ. പേരുകൾ ലിസ്റ്റു ചെയ്യുന്നു.
ഓഷധത്തോട്ട നിർമ്മാണം.
പരീക്ഷണം:- ആൽബനിർമാണം (ഇലകൾ, പൂക്കൾ, വിവിധ തരം ഔഷധ സസ്യങ്ങൾ)

**മാർച്ച്**

പ്രദർശനം:- ആൽബങ്ങൾ C.P.T.A യിൽ

## അക്കാദമിക മാസ്റ്റർ പ്ലാൻ
## (മലയാളം)
## ക്ലാസ് - 2

അക്കാദമിക മാസ്റ്റർപ്ലാൻ പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾഎഴുതിയും പറഞ്ഞും അവതരിഷിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറഷാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത, ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
- വർഷാവസാനം സ്വത്രന്ത ലേഖനത്തിലേർഷെടുകയയും വ്യക്തിഗത മാഗസിനുകൾ തയാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
. കുട്ടികളുടെ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക.
. രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക

മുന്നൊരുക്കം

രണ്ടാം ക്ലാസിലെത്തിയ ഓരോ കുട്ടിയുടെയും വിവരങ്ങൾ ഉള്ള പ്രൊഫൈൽ തയാറാക്കുന്നു.
- കൂട്ടിയുടെ നിലവാരത്തിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ രേഖപ്പെടുത്തി ഓരോ മാസവും രക്ഷിതാവിന്റെ അക്കാദമിക പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിന് അവസരമുണ്ടാക്കുന്നു.

| പ്രവർത്തനം | ലക്ഷ്യം | കാലം | സാമ്പത്തികം |
|---|---|---|---|
| ചിത്രവായന<br>വായനയ്ക്കും ഭാഷണത്തിനുമുള്ള ക്ലാസ്തല അവസരങ്ങൾ<br>മേനി പറച്ചിൽ<br>കഥ ഊഹിച്ചു പഠയൽ<br>റോൾ പ്ലേ<br>കഥ പൂർത്തിയാക്കൽ (പറയലും എഴുതലും)<br>ചമഞ്ഞുകളി<br>പാവനാടകം<br>ചിത്രവായന ട്രൈ ഔട്ട് അവതരണം<br>കാർഡുകളുടെ ഭാഷണത്തിനുള്ള സാധ്യത | രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശക്തിനേടുന്നതിന് | ജൂൺ ആദ്യവാരം മുതൽ | PTA SMC,SRG |
| രക്ഷിതാക്കളുടെ ഭാഷണത്തിനുള്ള വീട്ടിലെ അവസരങ്ങൾ | | ജൂലൈ മുതൽ | PTA SMC,SRG |

| | | | |
|---|---|---|---|
| ഭാഷണത്തിനുള്ള പൊതുവേദി ഒരുക്കൽ<br><br>ഭാഷണത്തിലും വായനയിലും കുട്ടി എത്തിനിൽക്കുന്ന തലം രക്ഷിതാക്കളെ ബോധ്യപെടുത്തുന്നു.<br><br>ചിത്രം, വിഡീയോ എന്നിവ നിരീക്ഷിച്ച് ചോദ്യങ്ങൾ തയ്യാറാക്കൽ | | ആഗസ്റ്റ് | PTA SMC,SRG |
| ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>രക്ഷിതാക്കളുടെ സഹായത്തോടെ രണ്ടാം ക്ലാസിലെ കുട്ടികൾക്കനുയോജ്യമായ പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.<br>കുട്ടികളുടെ പുസ്തക പരിചയപരിപാടി<br>വായിച്ച കഥയെ ചിത്രകഥകളാക്കൽ<br>വായിച്ച കഥയെ സംഭാഷണമാക്കൽ<br>വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ,<br>വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ<br>പുസ്തകത്തിന്റെ ആസ്വാദ്യവായന<br>വീട്ടു ലൈബ്രറി എന്ന ആശയം സാക്ഷാത്കരിക്കാനുള്ള പ്രവർത്തനങ്ങൾ | രണ്ടാം ക്ലാസിലെ എല്ലാ<br>കുട്ടികളുടെയും<br>ആശയഗ്രഹണ വായന ഉറപ്പാക്കുക | വർഷം | PTA SMC,SRG |
| വായിച്ച പുസ്തകങ്ങളിലെ കഥാപാത്രങ്ങളെ ചിത്രികരിച്ച് - വ്യത്യസ്ത വ്യവഹാര രൂപങ്ങളാക്കൽ കഥാപൂരണം | വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും | ഒക്ടോബർ<br>ജനുവരി | PTA SMC,SRG |

| | | | |
|---|---|---|---|
| ചിത്രവിവരണം, | വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | | |
| പാട്ടരങ്ങ് പ്രകൃതി നടത്തം യാത്രാവിവരണം ഭാഷണം-ലേഖനം വായിച്ച പുസ്തകങ്ങളിലെ ആശയം ഇഷ്ടമുള്ള രീതിയിൽ രംഗാവിഷ്കാരം നടത്തൽ | കുട്ടികളുടെ സ്വത ന്ത്രമായ സർഗ്ഗാത്മക. പ്രവർത്തനങ്ങളുടെ അവതരണത്തിയുള്ള വേദി ഒരുക്കുക. | മാസത്തിൽ ഒരിക്കൽ | PTA SMC,SRG |
| ഗണിത കിറ്റ് (ഗെയിം ബോർഡ്, സംഖ്യാകാർഡ്, ചിഹ്നകാർ ഡ്, ടോക്കൺ, മഞ്ചാടി,കമ്പ്കെട്ട് | രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യകളെ വ്യാഖാനിക്കാനുള്ള ശേഷിവളർത്തുക | വർഷം | PTA SMC,SRG |

Aim:- STD II

**English**
To Speak, Read and Write English without any mistakes.
.
June to March
Pre test : ,
To check the vocabulary and writing skills of pupils.

June and July
To develop listening skills and reading skills.
Listening skills
(i) Games, Action Songs, Hello English activities,
(ii) Conversation, skit, stories.

Use ICT .

Speaking skills
(i) Identify the naming words from the picture.
(ii) Identify the action words from the same pictures,
(iit) Make simple sentences using the action word and naming words about the picture.
(iv) Make description about the picture.
(v) Growing sentences, Picture reading, Self introduction, Assembly are also conducted.

° ACTIVITIES
Speech, book review, quiz riddles, self introduction, school radio, etc.

_
August and September
* Develop the creative speaking and writing.

Reading skills
(i) Newspaper reading, library books reading, book review, reading breaking news.
|(ii) Find words.
(iii) Collect and read past tense.
(iv) Rhyming words.
(v) Describing words.
(vi) Text book activities.

Writing skills .
|) Make word web,
2) Picture description with describing words.
3) Word chain.
4) Make words and sentences.
5) Make riddles, conversations,
6) Add more lines.

Activities ‘
Speech, book review, Quiz, riddles, self introduction, schoo] radio, makes description
Magazines, etc. . , .

October and November
To express thoughts, feelings, etc.
Reading skills
1. Newspaper reading. library books reading
2. Conversations, Skit, Stories use [CT materials
3. Reads breaking news
4. Develop story
5. Read notice

Writing skills
!. Description
2. Notice, thoughts

Activities
Speech, Quiz, Riddles, School Radio, Making magazines, Skits, etc.

December and January -
1. Develop the creative Speaking and writing
.2. To express thoughts, feelings

Reading skills
1. Newspaper reading, library books reading, book review, reading.
2. Conversations, Skit, Stories Use ICT materials.
3. Reads breaking news.
4. Develop story
5. Reads Diary
6. Reads simple stories

Writing skills
1. Diary
2. Letter ,
3. Announcement
Activities
Speech, Quiz, Riddles. School radio, Makes magazines, Skit, Classroom roleplay
February and March
To improve the presentation power
Reading skill .
: 1. Newspaper teading, Library books reading, Book review, Reading
2. Conversation, Skit, Stories Use ICT materials
3. Reads breaking news, Reads Textbooks
4. Develop story ‘
5. Reads diary
6. Reads letters from friends ~ . :
Writing skills |
|1. Diary
2. Letter
3. Description
4. Thought
ACTIVITIES
Speech, Quiz, Riddles. School radio, makes magazines, Skits, etc

# **ക്ലാസ്സ് - 3**

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| **വായന**<br>മലയാളം<br>തെറ്റുകൂടാതെ<br>അക്ഷരസ്ഫുടത<br>യോടെയും<br>അനായാസമായി<br>വായിക്കുവാൻ | പ്രീ ടെസ്റ്റ് , ക്ലാസ്സ്<br>ലൈബ്രറി<br>വികസനം, ക്ലാസ്സ്<br>ലൈബ്രറി ആകർ<br>ഷകമാക്കൽ.<br>വായനകാർ<br>ഡുകൾ<br>തയ്യാറാക്കൽ,<br>പാഠപുസ്തകത്തി<br>ലെ പ്രവർ<br>ത്തനങ്ങൾ | ജൂൺ |
| **ലേഖനം**<br>വിവിധ<br>വ്യവഹാരരൂപങ്ങൾ<br>ആസ്വദിക്കാനും<br>എഴുതുവാനും ഉള്ള<br>ശേഷി<br>വികസിപ്പിക്കുക | ദിനാചരണങ്ങളു<br>മായി ബന്ധപ്പെട്ട<br>വിവിധ<br>വ്യവഹാരരൂപങ്ങ<br>ളിൽ രചനകൾ<br>നടത്തുക, | വർഷം<br>മുഴുവനും |
| അക്ഷരം<br>തെറ്റുകൂടാതെ<br>എഴുതുവാനുള്ള<br>ശേഷി<br>കൈവരിക്കൽ | ചിത്ര<br>വിവരണം,<br>വാക്കുകളും<br>വാക്യങ്ങളും നിർ<br>മ്മിക്കുക<br>ചോദ്യങ്ങൾ നിർ<br>മിക്കുക | ജൂൺ ജൂലൈ |
| വിവധ<br>ഭാഷവ്യവഹാരങ്ങ<br>ൾ രചന<br>നടത്തുവാനുള്ള<br>ശേഷി<br>കൈവരിക്കൽ | ചോദ്യോത്തരപയ<br>റ്റ്, വാക്കുകൾ<br>കുട്ടിചേർത്ത്<br>കൂടുതൽ<br>വരികൾ<br>എഴുതുക | അധ്യയന വർ<br>ഷം |
| സർഗ്ഗാത്മക<br>പ്രകടനം | കുട്ടികൾ | |

| | |
|---|---|
| | തയ്യാറാക്കിയ വിവിധ വ്യവഹാരരൂപങ്ങൾ അവതിരപ്പിക്കൽ, വേദി മഴവിൽക്കൂടാരം |
| **ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു** | ഗണിതം<br>പ്രീ ടെസ്റ്റ്<br>ഈർക്കിലുകൾ കമ്പുകൾ വള എന്നിവ ഉപയോഗിച്ച് ചതുരം ത്രികോണം വൃത്തം എന്നിവ നിർമ്മിക്കുന്നു |
| **999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വാഖ്യാനിക്കുന്നു** | സംഖ്യ പാറ്റേണുകൾ |
| **എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാകുന്നു** | നാണയങ്ങൾ കളി നോട്ടുകൾ പാറ്റേണുകൾ |
| **സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക** | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കാൻ |
| **ഗുണനവസ്തുതകൾ നേടൽ** | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| **ഹരണക്രിയയുമ ◌ായി ബന്ധപ്പെട്ട ശേഷികൾ നേടൽ** | മഞ്ചാടി | |
| | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐസിടി സാധ്യതകൾ | |

പരിസരപഠനം

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** |
|---|---|---|
| **നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക** | | **ജൂൺ ജൂലൈ** |
| **ജൈവവൈവിദ്യവിദ്യ ഉദ്യാന സംരക്ഷണം** | സസ്യങ്ങളെ തരംതിരിക്കൽ പ്രകൃതി നടത്തം വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം | |
| **പ്രകൃതിസംരക്ഷണം** | **മണ്ണ് ജലം വായു എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ നിർമ്മിക്കുക വിദ്യാലയത്തിലെ പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക്** | |

| | | | |
|---|---|---|---|
| **വ്യക്തി ശുചിത്വം** | **കൈമാറൽ**<br><br>**കൈകഴുകാൻ പരിശീലനം പോസ്റ്റർ നിർമ്മാണം ശുചിത്വ സന്ദേശം വിദ്യാലയത്തിൽ വിവിധ ഇടങ്ങളിൽ പതിക്കാൻ** | | |
| **To study alphabets** | **English**<br>**Pretest**<br>**Write simple words** | **June July** | PTA SMC SRG |
| **To study write and read simple words** | **Circle the word from text book and read** | **August to september** | PTA, SRG |
| **Create more opportunities for English speaking in the class room** | **Class room communication in English,** | **Academic year** | SRG |

# Std IV

ലക്ഷ്യം
നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക
പൊതു തത്വങ്ങൾ
കളിയിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം സർഗാത്മതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

| പ്രവർത്തനം | ലക്ഷ്യം | കാലം | സാമ്പത്തികം |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടുകൊണ്ടു വരണം | ലക്ഷ്യം നേടുന്നതു വരെ | പിടിഎ ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | | | വർഷം മുഴുവൻ |
| വായിക്കാം വളരാം | | വായനാ ശേഷി വളർത്തൽ | |
| ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം | | | |
| വായനാകുറുപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം | | | |

| | | | |
|---|---|---|---|
| എഴുതാൻ തെളിയാം | എഴുത്തു പരിപോഷിപ്പിക്കൽ | | |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കൽ | | ആവശ്യാനുസരണം |
| എഴുത്തുകാരുമായി സംവദിക്കൽ | സാഹിത്യകാരൻമ ാരെ അടുത്തറിയൽ | ക്ലാസ്സ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | | | വർഷത്തിരലൊരിക്കൽ |
| കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ(ICT) | ക്ലാസ്സ് ടീച്ചർ | |
| പാഠഭാഗവുമായി | | | |

| | | | |
|---|---|---|---|
| ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | നമ്മുടെ പ്രാചീന | S R G Class teacher | ആവശ്യാനുസരണം |
| രുചിച്ചറിയാം | | | |
| ഭക്ഷ്യമേള<br>പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം<br>ക്ലാസ്സിലൊരു സദ്യ | | | |
| ഓർക്കാം അഭിമാനിക്കാം സാഹിത്യകാരന്മാരെ | നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ആവശ്യാനുസരണം | വർഷത്തിലൊരിക്കൽ<br>എസ് ആർ ജി<br>ക്ലാസ്സ് ടീച്ചർ<br>പി റ്റി എ |
| സാഹിത്യകാരന്മാരുടെ ജന്മചരമദനാചരണങ്ങൾ സംഘടിപ്പിക്കൽ ,<br>ഡോക്യുമെന്ററി പ്രദർശനം,<br>പുസ്തകപരിചയം,<br>ക്വിസ്, ലഘു പ്രഭാഷണം<br>ജീവിതരേഖ തയ്യാറാക്കൽ<br>പതിപ്പ് നിർമ്മാണം<br>പ്രദർശനം | സാഹിത്യകാരന്മാരെ അടുത്തറിയൽ<br>ഓർമ്മദിനങ്ങൾ ആചരിക്കൽ | | |
| കലക്കൂട്ട് | | വർ | |

| | | | |
|---|---|---|---|
| | | ഷത്തിലൊരിക്കൽ | എസ് ആർ ജി<br>പി റ്റി എ |
| പ്രദേശവാസിയായ കലാകാരന്റെ സേവനം ക്ലാസ്സ് മുറിയിലേക്ക് | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ, പ്രദർശനം, സർഗ്ഗോത്സവം, കലാവതരണം, കലാഉപകരണങ്ങൾ ചമയങ്ങൾ പ്രദർഷനം | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിലൊരിക്കൽ | എസ് ആർ ജി<br>പി റ്റി എ |
| **വിരിയുന്ന ചിന്തകൾ** | | | |
| ഇംഗ്ലീഷ് അസംബ്ലി | | ആഴ്ചയിൽ രണ്ടു ദിവസം, വർഷം മുഴുവനും | ക്ലാസ്സ് ടീച്ചർ |
| അസംബ്ലിചേരൽ | | | |

| | | | |
|---|---|---|---|
| നിയന്ത്രണം കുട്ടികൾക്ക് | **ഇംഗ്ലീഷ്**<br><br>**ഭാഷാപഠനം** | | |
| ഇംഗ്ലീഷ് ഡയറി<br><br>നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷി കുറുപ്പായി എഴുതൽ | **ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും ശേഷി മെച്ചപ്പെടുത്തൽ** | ആഴ്ചയിൽ മൂന്ന്<br><br>വർഷം മുഴുവനും | |
| ഇംഗ്ലീഷ് തിയറ്റർ | **തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി** | മാസത്തലൊന്ന് | ക്ലാസ്സ് ടീച്ചർ |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളായി അവതിരപ്പിക്കൽ (skit, drama , conversarion, story telling) | സർഗ്ഗാത്മകത പരിപോഷണം | | HM, CLASS TR, SM |
| ഇംഗ്ലീഷ് മാഗസിൻ | | | |

മൂന്ന്മാസത്തിലൊരിക്കൽ

മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ട് മാസിക തയ്യാറാക്കൽ

സർഗ്ഗാത്മകതാ രചനാശേഷി വികസനം

ക്ലാസ്സ് ടീച്ചർ.പി റ്റി എ

**ഇംഗ്ലീഷ് കൈയെഴുത്ത്**

മാസത്തിലൊന്ന്

സ്കൂളിലെ വിശേഷദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചു സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ

ഇംഗ്ലീഷ് ഭാഷയിലെ രചനാമികവ്

ക്ലാസ്സ് ടീച്ചർ പി റ്റി എ

**ഇംഗ്ലീഷ് കോർണർ**

രണ്ടാഴ്ചിലൊന്ന്

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച വായനമൂല ഒരുക്കൽ വായനവേള ഒരുക്കൽ

വായനാ പരിപോഷണം

വായനാകുറിപ്പ്

| | | | |
|---|---|---|---|
| **പുസ്തകപരിചയം** | | | എസ് ആർ ജി |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | |
| **വായനമത്സരം, രചനമത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം** | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | വർഷത്തിലൊരിക്കൽ | |

ഗണിതം (ഗണിതപഠനം)

| | | | |
|---|---|---|---|
| കളിക്കാം വിവിധതരം കളികൾ ആസൂത്രണം ചെയത് നടപ്പാക്കൽ | ഗണിതപഠനം രസകരമാക്കൽ ചതുഷ് ക്രിയകൾ ലളിതമാക്കൽ | വർഷം മുഴുവനും | എസി ആർ ജി ക്ലാസ്സ് ടീച്ചർ |

മൂല്യനിർണ്ണയം
ഏണിയും പാമ്പും

| | | | |
|---|---|---|---|
| ഡയസ് കളി<br>സങ്കലനം<br>വ്യവകലനം<br>കച്ചവടക്കളി | | | |
| ഒരിഗാമിയിലൂടെ പഠിക്കാം | ഗണിതശാസ്ത്രപഠനം രസകരമാക്കൽ കരചലനശേഷി വികാസം | വർഷത്തിലൊരിക്കൽ ഉചിതമായ സമയത്ത് | ക്ലാസ്സ് ടീച്ചർ |
| ഒരിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | | | |
| ഗണിതലാബ് | ഗണിതപഠനം സുതാര്യമാക്കൽ ഗണിതലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവനും | എച്ച് എം, എസ് ആർ ജി , ക്ലാസ്സ് ടീച്ചർ |
| ഗണിതചുമർ<br>ഗണിതചുമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യങ്ങൾ തിരിച്ചറിയൽ | വർഷം മുഴുവനും | ക്ലാസ്സ് ടീച്ചർ |
| ഗണിതപഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | | |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട | | | |

| | | | |
|---|---|---|---|
| പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | | | |
| ഗണിതമേള | ഗണിതശേഷികളുടെ പ്രകടനം | വർഷത്തിലൊരിക്കൽ | എസ് ആർ ജി , ക്ലാസ്സ് ടീച്ചർ |
| പ്രശ്നോത്തരി , പസിൽ, പാറ്റേൺ, പഠന ഉല്പന്നങ്ങളുടെ പ്രദർശനം | | | |

അറിയാം അടുത്തറിയാം (പരിസരപഠനം)

| | | | |
|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം അറിവ് നിർമ്മാണം | ആവശ്യാനുസരണം | എച്ച് എം , പി റ്റി എ |
| പാഠഭാഗമുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | | | |
| ശാസ്ത്രമൂല | ശാസ്ത്രപഠനം രസകരവും ലളിതവുമാക്കൽ | വർഷം മുഴവനും | എസ് ആർ ജി , ക്ലാസ്സ് ടീച്ചർ |
